ചുരുക്കത്തിൽ

മോക്ക ചുഴലിക്കാറ്റ് കരുത്താർജിക്കുന്നു

തിരുവനന്തപുരം

തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം 'മോക്ക' ചുഴലിക്കാറ്റായി മാറി. പോർട്ട് ബ്ലെയറിന് 510 കിലോമീറ്റർ അകലെയുള്ള ചുഴലിക്കാറ്റ് വടക്ക് ദിശയിൽ സഞ്ചാരം തുടങ്ങി. മണിക്കൂറിൽ ആറു കിലോമീറ്ററാണ് നിലവിൽ വേഗം. കടൽ താപനില അനുകൂലമായതിനാൽ വെള്ളിയാഴ്ചയോടെ തീവ്ര ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥാ വിദഗ്ധരുടെ നിഗമനം. തുടർന്ന് വടക്ക് കിഴക്ക് ദിശയിലേക്ക് തിരിയുന്ന മോക്ക തെക്ക് കിഴക്കൻ ബംഗ്ലാദേശ്– മ്യാൻമർ തീരത്ത് ഇടിച്ചിറങ്ങുമെന്ന് മുന്നറിയിപ്പുണ്ട്. മണിക്കൂറിൽ 150 മുതൽ 160 വരെയാകും കാറ്റിന്റെ വേഗം. ഈ രാജ്യങ്ങളിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകി.

> സംസ്ഥാനത്ത് 5 ദിവസം മഴയ്ക്ക് സാധ്യത

ചുഴലിക്കാറ്റ് കേരളത്തെ ബാധിക്കില്ലെങ്കിലും സംസ്ഥാനത്ത് അഞ്ചു ദിവസം ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യത.

12 മുതൽ 14 വരെ ചെറുകിട കപ്പലുകൾ മീൻപിടിത്ത ബോട്ടുകൾ, ട്രോളറുകൾ തുടങ്ങിയവ വടക്ക് കിഴക്ക്, മധ്യ ബംഗാൾ ഉൾക്കടലിലും ആൻഡമാൻ കടലിലും പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് നിർദേശിച്ചു. കേരള– കർണാടക– ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ല.

ഡോ. വന്ദനയുടെ കൊലപാതകം

അന്വേഷണം ക്രൈംബ്രാഞ്ചിന്



സ്വന്തം ലേഖകൻ

കൊല്ലം

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ പൊലീസ് ചികിത്സക്കെത്തിച്ചയാളുടെ കുത്തേറ്റ് യുവ വനിതാ ഡോക്ടർ വന്ദന ദാസ് മരിച്ച കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കും. കൊല്ലം റൂറൽ ഡിവൈഎസ്പി എം എം ജോസിനാണ് അന്വേഷണച്ചുമതല. പൂജപ്പുര സെൻട്രൽ ജയിലിൽ റിമാൻഡിലുള്ള പ്രതി ജി സന്ദീപിനെ കസ്റ്റഡിയിൽ കിട്ടാൻ അന്വേഷകസംഘം കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ വെള്ളിയാഴ്ച അപേക്ഷ നൽകും.

സംഭവവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പും റിപ്പോർട്ട് തയ്യാറാക്കി. കൊട്ടാരക്കര താലൂക്കാശുപത്രി സൂപ്രണ്ട്, കാഷ്വാലിറ്റി മെഡിക്കൽ സൂപ്രണ്ട്, പാരാമെഡിക്കൽ ജീവനക്കാർ, സുരക്ഷാ ജീവനക്കാർ എന്നിവരിൽനിന്ന് പൊലീസ് വ്യാഴാഴ്ച മൊഴിയെടുത്തു. സൈബർ പൊലീസിന്റെ സഹായത്തോടെ സന്ദീപിന്റെ ഫോൺ വിശദമായി പരിശോധിക്കും. ലഹരിമാഫിയാ സംഘങ്ങളുമായി ബന്ധമുണ്ടോ എന്നതിൽ ഇതോടെ വ്യക്തത കൈവരും. സ്കൂൾ അധ്യാപകനായ പ്രതി സ്ഥിരമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ചിരുന്നെന്നാണ് വിവരം.

അക്രമം നടന്ന കാഷ്വാലിറ്റിക്കും പുറത്തും ഫോറൻസിക് വിഭാഗം കഴിഞ്ഞ ദിവസം തെളിവ് ശേഖരിച്ചിരുന്നു. ഇതിനിടെ എഡിജിപി എം ആർ അജിത്കുമാർ, ദക്ഷിണമേഖലാ ഐജി സ്പർജൻകുമാർ, ഡിഐജി നിശാന്തിനി എന്നിവർ കൊട്ടാരക്കരയിലെത്തി അന്വേഷണപുരോഗതി വിലയിരുത്തി. ഹൈക്കോടതി നിർദേശപ്രകാരം കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് സി ബി രാജേഷ് റിപ്പോർട്ട് നൽകി. ഡെപ്യൂട്ടി ഡിഎംഒ സാജൻ മാത്യൂ ജീവനക്കാരുടെ മൊഴിയെടുത്തു.

സംസ്ഥാന പൊലീസ് മേധാവിക്കും ആരോഗ്യവകുപ്പ് ഡയറക്ടർക്കും റിപ്പോർട്ട് കൈമാറും. കൊല്ലം റൂറൽ എസ്പി, ഡിവൈഎസ്പി എന്നിവർ വ്യാഴാഴ്ച പൊലീസ് ആസ്ഥാനത്ത് ഡിജിപി വിളിച്ച യോഗത്തിൽ പങ്കെടുത്തു. കൊല്ലം അസിസ്റ്റന്റ് എക്സൈസ് കമീഷണർ വൈ റോബർട്ടും വിവരശേഖരണം നടത്തി.

വിതുമ്പിക്കരഞ്ഞ് മന്ത്രി

മുട്ടുചിറ

ആരോഗ്യമന്ത്രി വീണാ ജോർജ് വ്യാഴാഴ്ച രാവിലെ എട്ടോടെ മുട്ടുചിറയിലെ വന്ദനയുടെ വീട്ടിലെത്തി. വന്ദനയുടെ അച്ഛനമ്മമാരെ കണ്ടപ്പോൾ മന്ത്രിയും വികാരാധീനയായി. ആശ്വസിപ്പിക്കാൻ അമ്മ വസന്തകുമാരിയുടെ കൈ ചേർത്തുപിടിച്ചെങ്കിലും വാക്കുകൾ കിട്ടിയില്ല. അമ്മയെ കെട്ടിപ്പിടിച്ച് മന്ത്രിയും പൊട്ടിക്കരഞ്ഞു.

പ്രതികളെ ഹാജരാക്കാൻ പെരുമാറ്റച്ചട്ടം

കൊച്ചി

കസ്റ്റഡിയിലുള്ള പ്രതികളെ വൈദ്യപരിശോധനയ്ക്ക് ഹാജരാക്കുമ്പോൾ പാലിക്കേണ്ട പെരുമാറ്റച്ചട്ടം മൂന്നുദിവസത്തിനകം തയ്യാറാക്കുമെന്ന് പൊലീസ് ഹൈക്കോടതിയെ അറിയിച്ചു. സർക്കാരിന്റെ അനുമതിയോടെ ഒരാഴ്ചയ്ക്കകം ഇത് നടപ്പാക്കാനാകുമെന്ന് ഡിജിപി അനിൽ കാന്ത് പറഞ്ഞു. വൈദ്യപരിശോധനയ്ക്ക് പ്രതിയെ ഹാജരാക്കുമ്പോൾ പൊലീസ് എത്ര അകലത്തിൽ നിൽക്കണം, അടിയന്തരസാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടി എന്തൊക്കെ എന്നിവയടക്കം വ്യക്തമാക്കും. കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട വിവരം കോടതിയിൽ ഓൺലൈനായി ഹാജരായി വിശദീകരിക്കുകയായിരുന്നു ഡിജിപി. എഡിജിപി എം ആർ അജിത്കുമാറും ഓൺലൈനിൽ ഹാജരായി. ഡോ. വന്ദന കൊല്ലപ്പെട്ട ദിവസം പുലർച്ചെ ഒന്നിന് പൊലീസിന് സന്ദീപിന്റെ ആദ്യ ഫോൺകോൾ ലഭിച്ചതുമുതൽ കൊല നടന്നതുവരെയുള്ള സംഭവങ്ങളുടെ രേഖാചിത്രവും ദൃശ്യങ്ങളും ശബ്ദരേഖയും പൊലീസ് ഹാജരാക്കി. പരിമിതമായ പൊലീസ് സേനയെ ഉപയോഗിച്ച് പരമാവധി സുരക്ഷ ഒരുക്കിയതായും അറിയിച്ചു.

ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അതിക്രമം തടയാൻ സർക്കാർ ആശുപത്രികൾക്ക് മുഴുവൻസമയ സുരക്ഷ ഉറപ്പാക്കണമെന്ന് ജസ്റ്റിസുമാരായ ദേവൻ രാമചന്ദ്രൻ, കൗസർ എടപ്പഗത്ത് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശിച്ചു. ഇതിനായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിനെ (എസ്ഐഎസ്എഫ്) വിന്യസിക്കുന്നത് പരിഗണിക്കണം. വന്ദന ദാസിന്റെ കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നത് പരിഗണിക്കണം. വന്ദനയ്ക്ക് സുരക്ഷ ഒരുക്കാൻ പൊലീസിനായില്ലെന്നും വിമർശിച്ചു.

2012ലെ കേരള ഹെൽത്ത് കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസിനെക്കുറിച്ച് ചർച്ച നടക്കുന്നതായി സർക്കാർ അറിയിച്ചു. വിഷയം ഗൗരവമായി പരിഗണിക്കുന്നുണ്ടെന്നും പിന്നെന്തിനാണ് ഡോക്ടർമാർ സമരം നടത്തുന്നതെന്നും കോടതി ഐഎംഎയുടെ അഭിഭാഷകനോട് ആരാഞ്ഞു. ചികിത്സ കിട്ടാതെ നിരവധിപേർ ബുദ്ധിമുട്ടുകയാണെന്നും കോടതി ചൂണ്ടിക്കാട്ടി.

ദക്ഷിണമേഖലാ ഐജി സ്പർജൻകുമാർ, ദക്ഷിണമേഖലാ ഡിഐജി ആർ നിശാന്തിനി എന്നിവരും ഹാജരായിരുന്നു.

ഡോക്ടർ വന്ദന ദാസിന്റെ വീട്ടിലെത്തിയ മന്ത്രി വീണാ ജോർജ് അമ്മ വസന്തകുമാരിയെ ആശ്വസിപ്പിക്കുന്നതിനിടെ പൊട്ടിക്കരഞ്ഞപ്പോൾ

രണ്ടാംദിനവും ഡോക്ടർമാർ പണിമുടക്കി

തിരുവനന്തപുരം

ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡോക്ടർമാരുടെ സംഘടനകൾ വ്യാഴാഴ്ചയും സംസ്ഥാന വ്യാപകമായി പണിമുടക്കി. രണ്ടു ദിവസമായി തുടരുന്ന പണിമുടക്കിൽ അത്യാഹിത വിഭാഗം മാത്രമാണ് പ്രവർത്തിച്ചത്. മെഡിക്കൽ വിദ്യാർഥികൾ സെക്രട്ടറിയറ്റിനു മുന്നിൽ വ്യാഴാഴ്ചയും പ്രതിഷേധസംഗമം സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ഡോക്ടർമാരും വിവിധ ഇടങ്ങളിൽ പ്രതിഷേധിച്ചു. സെക്രട്ടറിയറ്റിനു മുന്നിലെ പ്രതിഷേധ ധർണ ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. സുൽഫി നൂഹു ഉദ്ഘാടനം ചെയ്തു. ഐഎംഎ മുൻ ദേശീയ പ്രസിഡന്റ് ഡോ. എ മാർത്താണ്ഡപിള്ള, സംസ്ഥാന സെക്രട്ടറി ഡോ. ജോസഫ് ബെനവൻ തുടങ്ങിയവരും സംസാരിച്ചു.

ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള അതിക്രമം തടയൽ

നടപടി നേരത്തേ തുടങ്ങി

തിരുവനന്തപുരം

ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള അതിക്രമം തടയാൻ നിയമനിർമാണം അടക്കമുള്ള നടപടിയുമായി മുന്നോട്ടു പോകുകയാണ് സംസ്ഥാന സർക്കാർ. ഡോക്ടർമാരുടെ സംഘടനാ പ്രതിനിധികളുമായി ഏപ്രിലിൽ ആരോഗ്യമന്ത്രി വീണാ ജോർജ് ചർച്ച നടത്തിയിരുന്നു. കാലോചിതമായി നിയമ ഭേദഗതി വരുത്തി സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം. ഒപ്പം പൊതുജനങ്ങളുടെ അവകാശ സംരക്ഷണത്തിനും മുൻതൂക്കം നൽകും. ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള അതിക്രമം തടയാൻ സർക്കാർ എടുത്ത നടപടികളിൽ കോടതിയും തൃപ്തി രേഖപ്പെടുത്തിയിരുന്നു. വിഷയത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡിജിപി ഉൾപ്പെടെയുള്ളവരുമായി യോഗവും ചേർന്നിരുന്നു. സെക്യൂരിറ്റി ജീവനക്കാർ വിമുക്ത ഭടന്മാരായിരിക്കണമെന്ന് നിർദേശമുണ്ട്. നിയമനിർമാണത്തിൽ ആരോഗ്യമന്ത്രിയുടെ ഉറപ്പ് ലഭിച്ചതായി ഐഎംഎ പ്രതിനിധികൾ നേരത്തേയും വ്യക്തമാക്കിയിരുന്നു.

പ്രതി കോൺഗ്രസ് അധ്യാപക സംഘടനയുടെ സജീവ പ്രവർത്തകൻ

സ്വന്തം ലേഖകൻ

കൊല്ലം

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ യുവ വനിതാ ഡോക്ടർ വന്ദന ദാസിനെ കുത്തിക്കൊലപ്പെടുത്തിയ കേസിലെ പ്രതി ജി സന്ദീപ് കോൺഗ്രസ് അനുകൂല അധ്യാപക സംഘടനയായ കെപിഎസ്ടിഎയുടെ സജീവ പ്രവർത്തകൻ. 2006ൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചതുമുതൽ

ജോലി ലഭിക്കും മുമ്പ് ആർഎസ്എസുകാരൻ

കെപിഎസ്ടിഎയുടെ എല്ലാ പരിപാടികളിലും സജീവമായിരുന്നു. കോൺഗ്രസ് പരിപാടികളിലും പങ്കെടുത്തിരുന്നു. അധ്യാപക ജോലി ലഭിക്കും മുമ്പ് ആർഎസ്എസ് പ്രവർത്തകനായിരുന്ന സന്ദീപ് ഇതുവരെ ആറുസ്കൂളിൽ ജോലിചെയ്തു.

പ്രതിപക്ഷ അജൻഡ വികസനത്തിന് പാരവയ്ക്കൽ

വടകര

സംസ്ഥാനത്തിന്റെ വികസനം തടയുകയെന്ന ഏക അജൻഡയേ പ്രതിപക്ഷത്തിനുള്ളൂവെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. അതിനാലാണ് സർക്കാർ നടപ്പാക്കുന്ന എല്ലാ വികസന പദ്ധതികളെയും അവർ എതിർക്കുന്നത്. പ്രതിപക്ഷത്തിന് ഒരു വിഭാഗം മാധ്യമങ്ങളും കൂട്ടുനിൽക്കുന്നു. സർക്കാരിനെ പാരവയ്ക്കാൻ അസംബന്ധമായ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഈ ആക്ഷേപങ്ങൾ ജനം വിശ്വസിക്കില്ല – ഗോവിന്ദൻ പറഞ്ഞു. ആയഞ്ചേരി പന്തപ്പൊയിൽ, വളയം കല്ലുനിര, തിരുവള്ളൂർ എന്നിവിടങ്ങളിൽ സിപിഐ എം ഓഫീസുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എൽഡിഎഫ് സർക്കാർ രണ്ടാം വാർഷികത്തിന്റെ ഭാഗമായി 16,500 കോടി രൂപയുടെ വികസനപദ്ധതികളാണ് ഉദ്ഘാടനം ചെയ്യുന്നത്.

ഭൂരഹിതരായ എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യവും ഉടൻ യാഥാർഥ്യമാകും. കേന്ദ്ര സർക്കാർ അദാനി–അംബാനിമാരെ സംരക്ഷിക്കുമ്പോൾ കേരള സർക്കാർ ദരിദ്രർക്കായി നിലകൊള്ളുന്നു. ഇത് പ്രതിപക്ഷത്തെ വല്ലാതെ ബേജാറാക്കുന്നുണ്ട്. മനുഷ്യത്വമില്ലാത്ത വിധമാണ് ചില മാധ്യമങ്ങളുടെ വാർത്തകൾ. വസ്തുതകൾ മനസ്സിലാക്കി ജനങ്ങൾ ഇവ തിരസ്കരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. പന്തപ്പൊയിൽ, തിരുവള്ളൂർ എന്നിവിടങ്ങളിലെ യോഗങ്ങളിൽ ജില്ലാ സെക്രട്ടറി പി മോഹനൻ അധ്യക്ഷനായി. കല്ലുനിരയിൽ ഏരിയാ സെക്രട്ടറി പി പി ചാത്തു അധ്യക്ഷനായി.

പിഴ അടച്ചെന്നത് വ്യാജവാർത്ത

മറുനാടനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് പൃഥ്വിരാജ്

പ്രത്യേക ലേഖകൻ

കൊച്ചി

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികളെ തുടർന്ന് പിഴയായി 25 കോടി രൂപ അടച്ചെന്നതരത്തിൽ വരുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് നടനും നിർമാതാവുമായ പൃഥ്വിരാജ്. തനിക്കെതിരെ മറുനാടൻ മലയാളി യുട്യൂബ് ചാനൽ പ്രചരിപ്പിച്ചത് പച്ചക്കള്ളമാണെന്നും പൃഥ്വിരാജ് പറഞ്ഞു.

'വർത്തമാനകാലത്ത് അതിവേഗം ഇല്ലാതായിക്കൊണ്ടിരിക്കുന്നു മാധ്യമ ധാർമികത എന്നതിനാൽ സാധാരണഗതിയിൽ ഇത്തരം ആരോപണങ്ങളെയും വാർത്തകളെയും അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയാറാണുള്ളത്. എന്നാൽ, തീർത്തും വസ്തുതാവിരുദ്ധവും വ്യക്തിപരമായി അധിക്ഷേപകരവുമായ ഒരു കള്ളം വാർത്ത എന്നപേരിൽ പടച്ചുവിടുന്നത് എല്ലാ മാധ്യമധർമത്തിന്റെയും പരിധികൾ ലംഘിക്കുന്നതാണ്. വിഷയത്തിൽ നിയമത്തിന്റെ ഏതറ്റംവരെ പോകാനും ഒരുക്കമാണ്. സിവിലും ക്രിമിനലുമായ എല്ലാ നിയമനടപടികളും സ്വീകരിക്കും' – പൃഥ്വിരാജ് ഫെയ്സ്ബുക് പോസ്റ്റിൽ പറഞ്ഞു.

വസ്തുതകൾ പരിശോധിച്ചേ ഉത്തരവാദപ്പെട്ട മാധ്യമങ്ങൾ തുടർവാർത്തകൾ പ്രസിദ്ധീകരിക്കാവൂ എന്ന അഭ്യർഥനയും നടൻ പങ്കുവച്ചു.

വിദേശത്തുനിന്നുള്ള കള്ളപ്പണം ഉപയോഗിച്ച് ദേശവിരുദ്ധ സ്വഭാവമുള്ള 'പ്രൊപ്പഗാൻഡ' സിനിമകൾ നിർമിക്കുന്നവർക്കെതിരെ ഇഡി അന്വേഷണം ആരംഭിച്ചതായും ഖത്തർ മാഫിയയാണ് പണം എത്തിക്കുന്നതെന്നും പൃഥ്വിരാജ് പണം അടച്ച് തലയൂരുകയാണെന്നുമാണ് മറുനാടൻ മലയാളി തട്ടിവിട്ടത്. മലയാളസിനിമയിൽ വിദേശ കള്ളപ്പണം, അഞ്ചു നിർമാതാക്കൾ നിരീക്ഷണത്തിൽ എന്ന തലക്കെട്ടോടെ മനോരമ വ്യാഴാഴ്ച പ്രസിദ്ധീകരിച്ച വാർത്തയിൽ, പേരു പറയാതെ നടൻകൂടിയായ നിർമാതാവ് 25 കോടി പിഴ അടച്ചെന്ന് പറയുന്നുണ്ട്.

മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഇന്ന് തുടക്കം

സ്വന്തം ലേഖകൻ

കൊച്ചി

ബിനാലെ വസന്തം കൊടിയിറങ്ങിയ ഫോർട്ട് കൊച്ചി ഇനി കേരള യുവതയുടെ സർഗോത്സവവേദിയാകും. ലോകോത്തര എഴുത്തുകാരും കലാകാരന്മാരും സംഗമിക്കുന്ന മൂന്ന് വേദികളിൽ വെള്ളി രാവിലെ 10ന് യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് അരങ്ങുണരും. ഡിവൈഎഫ്ഐ മുഖമാസിക യുവധാര സംഘടിപ്പിക്കുന്ന ഫെസ്റ്റിവൽ ഫോർട്ട് കൊച്ചിയിൽ പ്രത്യേകം തയ്യാറാക്കിയ 'മുസിരിസ്' വേദിയിൽ വെള്ളി വൈകിട്ട് ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വ്യാഴം വൈകിട്ട് സ്വാഗതസംഘം ചെയർമാൻ കെ ജെ മാക്സി എംഎൽഎ പതാക ഉയർത്തി. ഫോർട്ടുകൊച്ചി കടപ്പുറത്ത് ആരംഭിച്ച പുസ്തകോത്സവം മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഫോർട്ട് കൊച്ചി സൗത്ത് ബീച്ചുമുതൽ വാസ്കോ ഡ ഗാമ സ്ക്വയർവരെയുള്ള സ്ഥലത്ത് പ്രത്യേകം തയ്യാറാക്കുന്ന മുസിരിസ്, കൊച്ചിൻ, പെരിയാർ എന്നീ വേദികളിലായി മൂന്നുദിവസംകൊണ്ട് 72 സെഷനുകൾ സംഘടിപ്പിക്കും.

രാജ്യത്തിനകത്തും പുറത്തുമുള്ള സാഹിത്യകാരന്മാർ, കലാകാരന്മാർ, രാഷ്ട്രീയനേതാക്കൾ, സിനിമ–നാടക പ്രവർത്തകർ, എഴുത്തുകാർ തുടങ്ങിയവർ ഫെസ്റ്റിവലിന്റെ ഭാഗമാകും. എഴുത്തുകാരായ അരുന്ധതി റോയ്, ഗീതാഞ്ജലി ശ്രീ, ലക്ഷ്മൺ ഗെയ്ക്വാദ്, എൻ എസ് മാധവൻ, സക്കറിയ, സച്ചിദാനന്ദൻ തുടങ്ങിയവർ മുഖ്യാതിഥികളാകും.

വെള്ളി വൈകിട്ട് അഞ്ചിന് കവിയരങ്ങ് കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. ജി എസ് പ്രദീപ് നയിക്കുന്ന 'മെഗാ വൈഎൽഎഫ് ജീനിയസ്–23' പരിപാടി ശനിയാഴ്ച നടക്കും. സാഹിത്യമത്സരങ്ങൾ വാസ്കോ ഡ ഗാമ സ്ക്വയറിൽ നടക്കും. ഞായർ വൈകിട്ട് അഞ്ചിന് സമാപന സമ്മേളനം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും.

സൂപ്പറായി ഇന്റലിജൻസ്

ജിഎസ്ടി വെട്ടിപ്പിൽ തിരിച്ചുപിടിച്ചത് 523 കോടി

ജി രാജേഷ് കുമാർ

തിരുവനന്തപുരം

സംസ്ഥാന ജിഎസ്ടി വകുപ്പിന്റെ ഇന്റലിജൻസ് പ്രവർത്തനങ്ങളിലൂടെ 13 മാസത്തിനുള്ളിൽ സമാഹരിച്ചത് 523 കോടി രൂപ. കഴിഞ്ഞ സാമ്പത്തിക വർഷം നികുതി വെട്ടിപ്പുകാരിൽനിന്ന് 445.39 കോടി രൂപ തിരിച്ചടപ്പിച്ചു. കഴിഞ്ഞമാസം ഇത്തരത്തിൽ സമാഹരിച്ചത് 77.82 കോടിയും. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം രജിസ്റ്റർ ചെയ്ത 440 കേസിൽനിന്നാണ് ഇത്രയും തുക തിരിച്ചടപ്പിച്ചത്.

സംസ്ഥാനത്തെ 15 നികുതി ജില്ലയെ മൂന്നു മേഖലയായി തിരിച്ചാണ് ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം. മൂന്ന് ജോയിന്റ് കമീഷണർമാരുടെ നേതൃത്വത്തിൽ 526 ഓഫീസർമാർ ഫീൽഡിൽ പ്രവർത്തിക്കുന്നു. ജിഎസ്ടി നടപ്പായശേഷം നികുതി വകുപ്പ് പുനഃസംഘടന ഉറപ്പാക്കിയ ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്കുകീഴിലെ വിദഗ്ധരെ ഉപയോഗിച്ച് മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം ഉറപ്പാക്കിയാണ് ഫീൽഡുതല പ്രവർത്തനത്തിന് നിയോഗിച്ചത്. ഈ നികുതി നിർവഹണ രീതി പഠിക്കാൻ മഹാരാഷ്ട്ര, കർണാടകം, ഗുജറാത്ത് ഉൾപ്പെടെ സംസ്ഥാന പ്രതിനിധികൾ കേരളത്തിലെത്തി.

ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം ഇന്നുമുതൽ

ജിഎസ്ടി വകുപ്പിനുകീഴിൽ സംസ്ഥാനം രൂപീകരിച്ച നികുതി ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കായുള്ള തീവ്രപരിശീലന പരിപാടി വെള്ളിയാഴ്ച ആരംഭിക്കും. എഴുന്നൂറ്റിഎൺപതിൽപ്പരം നികുതി ഉദ്യോഗസ്ഥർക്കാണ് ദേശീയതലത്തിലെ വിദഗ്ധർ പരിശീലനം നൽകുക. 140 ഓഡിറ്റ് സംഘമാണ് രൂപീകരിച്ചത്. രണ്ട് സെയിൽസ് ടാക്സ് ഓഫീസറും മൂന്ന് അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസറും ഓരോ സംഘത്തിലുമുണ്ട്. പ്രതിമാസം കുറഞ്ഞത് 835 ഓഡിറ്റ് ലക്ഷ്യമിട്ടാണ് തുടക്കം. വർഷം ശരാശരി 10,000 കേസിലെ ഓഡിറ്റ് ഉറപ്പാക്കും. ക്രമേണ സ്ക്വാഡ് എണ്ണം 190 ആകും. ഏഴ് മേഖലയായി തിരിച്ച്, ഓരോ മേഖലയ്ക്കുകീഴിലും ഒരു ജോയിന്റ് കമീഷണർവീതം പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു.

എഐ കാമറ

നിയമലംഘനങ്ങൾ ഗണ്യമായി കുറഞ്ഞു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാനത്ത് എഐ കാമറ സ്ഥാപിച്ചതോടെ ഗതാഗത നിയമലംഘനങ്ങൾ ഗണ്യമായി കുറഞ്ഞു. കാമറകൾ സ്ഥാപിക്കുന്നതുവരെ 2.13 ശതമാനമായിരുന്ന നിയമലംഘനങ്ങൾ പിന്നീട് 1.41 ആയി. ഏപ്രിൽ 20നാണ് എഐ കാമറ സംവിധാനം പ്രവർത്തനം ആരംഭിച്ചത്. ഏപ്രിൽ 17ന് 4,50,552 വാഹനം വിവിധ നിയമലംഘനം നടത്തിയെങ്കിൽ കഴിഞ്ഞ തിങ്കളാഴ്ച ഇത് 2,72,540 ആയി. നിരത്തുകളിൽ അമിത വേഗക്കാരുടെ എണ്ണവും അനധികൃത പാർക്കിങ്ങും ഡ്രൈവിങ്ങിനിടയിലെ ഫോൺ ഉപയോഗവുമെല്ലാം കുറഞ്ഞുതുടങ്ങിയതായി അധികൃതർ പറഞ്ഞു. പിഴ ഈടാക്കി തുടങ്ങുന്നതോടെ നിയമലംഘനങ്ങളുടെ എണ്ണം ഒരു ലക്ഷത്തിൽ താഴെയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തീയതി	നിയമലംഘനം
ഏപ്രിൽ	
17	4,50,552
22	3,37,994
27	2,39,792
മെയ്	
1	2,62,370
8	2,72,540

പുനഃസംഘടനാ ഉപസമിതി ഇന്ന്

'ലീഡേഴ്സ് മീറ്റി'ൽ തിരിച്ചടിയായി മത്സരപ്പേടി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം

ലോക്സഭാ തെരഞ്ഞെടുപ്പിന് തയ്യാറെടുക്കാനും തന്ത്രങ്ങൾ മെനയാനും സംഘടിപ്പിച്ച 'ലീഡേഴ്സ് മീറ്റി'ൽ രണ്ടു നേതാക്കൾ പരസ്യമായും മറ്റു ചിലർ രഹസ്യമായും മത്സരിക്കാനില്ലെന്ന് പ്രഖ്യാപിച്ചത് കെപിസിസി നേതൃത്വത്തിന് തിരിച്ചടിയായി. കെ മുരളീധരനും ടി എൻ പ്രതാപനുമാണ് ലോക്സഭയിലേക്ക് ഇനി മത്സരിക്കില്ലെന്നും നിയമസഭയാണ് താൽപ്പര്യമെന്നും സൂചിപ്പിച്ചത്. അടൂർ പ്രകാശ്, കൊടിക്കുന്നിൽ സുരേഷ്, ആന്റോ ആന്റണി എന്നിവരും ഇതേ നിലപാടുള്ളവരാണ്. അടുത്ത തെരഞ്ഞെടുപ്പിൽ ജയിക്കാനാകില്ലെന്ന് പൂർണ ബോധ്യമുള്ളവരാണ് മുൻകൂർ ജാമ്യമെടുത്ത് മാറാൻ ശ്രമിക്കുന്നത്. കാസർകോട് അടക്കമുള്ള പലമണ്ഡലങ്ങളിലും ജയസാധ്യതയില്ലെന്ന് ഡിസിസികൾതന്നെ വിലയിരുത്തി.

കെ മുരളീധരൻ നിയമസഭയിലേക്ക് മത്സരിക്കുന്നതിനോട് ഏറ്റവും എതിർപ്പുള്ളത് വി ഡി സതീശനാണ്. തന്റെ പ്രഭാവവും നേതൃത്വവും അപ്രസക്തമാക്കാൻ കഴിയുന്നയാളാണ് മുരളീധരനെന്ന് സതീശനറിയാം. ബുധനാഴ്ച പത്രസമ്മേളനത്തിൽ മുരളിയെ പിടിച്ചിരുത്തി ഹൈക്കമാൻഡ് പറഞ്ഞാൽ മത്സരിക്കുമെന്ന് പറയിപ്പിച്ചതിനു പിന്നിലും മറ്റാരുമല്ല. വ്യാഴാഴ്ച കുറെക്കൂടി വ്യക്തമായി മുരളീധരൻ കാര്യങ്ങൾ പറയുകയും ചെയ്തു. വടകരയിൽ വീണ്ടും മത്സരിച്ച് തോറ്റാലും ഇനി തന്നെ പഴിക്കാനാകില്ലെന്ന് ഉറപ്പിക്കുകയായിരുന്നു മുരളീധരൻ.

'ഐക്യം' കൊട്ടിഘോഷിച്ച യോഗത്തിലാണ് നേതാക്കൾ മത്സരപ്പേടി പങ്കുവച്ചത് എന്നത് ക്ഷീണമായെന്നാണ് ഒരു വിഭാഗത്തിന്റെ വിലയിരുത്തൽ. ലീഡേഴ്സ്മീറ്റിൽ മൊബൈൽഫോൺ അടക്കമുള്ളവ പിടിച്ചുവാങ്ങി ചാക്കിൽ കെട്ടിവച്ച രീതി ശരിയായില്ലെന്നും 'സുധാകരനിസ'മാണ് ഇതെന്നും ഇവർ പറയുന്നു. അതിനിടെ, പുനഃസംഘടനാ ഉപസമിതി വെള്ളിയാഴ്ച കൊച്ചിയിൽ യോഗം ചേരും. പട്ടിക കിട്ടാനുള്ള കോട്ടയം, ഇടുക്കി ജില്ലകളിലെ പേരുകൾകൂടി ഉൾപ്പെടുത്തി അന്തിമ പട്ടികയ്ക്ക് രൂപം നൽകിയേക്കും. ഡിസിസിമുതൽ താഴേക്കുള്ള ഭാരവാഹികളെ മാത്രമേ തൽക്കാലം നിശ്ചയിക്കൂ. ഡിസിസി അധ്യക്ഷന്മാരെയും കെപിസിസി ഭാരവാഹികളെയും തീരുമാനിക്കലായിരിക്കും ഏറ്റവും വലിയ കീറാമുട്ടി എന്നതിനാൽ നീട്ടിവയ്ക്കാനാണ് സാധ്യത.

പറഞ്ഞത് വിഴുങ്ങി; മത്സരിക്കുമെന്ന് മുരളീധരൻ

കോഴിക്കോട്

ഇനി ലോക്സഭയിലേക്ക് മത്സരിക്കില്ലെന്ന നിലപാട് വിഴുങ്ങി കെ മുരളീധരൻ എംപി. ബുധനാഴ്ച വയനാട്ടിൽ ചേർന്ന നേതൃയോഗത്തിന് ശേഷമാണ് മലക്കംമറിച്ചിൽ. താൻ ലോക്സഭയിലേക്ക് മത്സരിക്കും. നിയമസഭയിലേക്ക് മത്സരിക്കില്ലെന്നുമാണ് പുതിയ പ്രസ്താവന. നേതൃയോഗത്തിൽ സിറ്റിങ് എംപിമാർ മത്സരിക്കണമെന്ന നിർദേശമുണ്ടെന്നും കോഴിക്കോട്ട് മാധ്യമ പ്രവർത്തകരോട് മുരളീധരൻ പറഞ്ഞു. നേതൃത്വത്തെ വിമർശിച്ചതിന് നോട്ടീസ് കിട്ടിയപ്പോഴാണ് ഇനി മത്സരിക്കില്ലെന്ന പ്രസ്താവന മുരളീധരൻ നടത്തിയത്.